"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2603/2022-ICDSA5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 07-12-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്-ഡയറക്ടറേറ്റ്-വികസന വെല്ലുവിളി നേരിടുന്നകുട്ടികൾക്ക് അങ്കണവാടി പ്രവേശനം അനുവദിക്കുന്നത്- നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്.-

സൂചന:-

1. 25-06-2022, 16-03-2024 തീയതികളിലെ സിഡിസിയിൽ നിന്നുള്ള നം 538/S4/CDC/2022 നം കത്ത്.
2. 12-01-2023, 29-08-2024 തീയതികളിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നം കത്തുകൾ.
3. സ.ഉ (സാധാ) നം 405/2024/WCDD, തീയതി 17-10-2024

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രണ്ട് വയസ്സിനും മൂന്ന് വയസ്സിനും ഇടയിലുള്ള വികസനവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ചികിൽസയോടൊപ്പം അങ്കണവാടികളിൽ വിടുന്നത് അവരുടെ സാമൂഹിക മാനസിക വികസനം സാധ്യമാകാൻ വളരെ പ്രയോജനകരമാകുമെന്നും ആയതിനാൽ ഇത്തരം കുട്ടികളെ അങ്കണവാടിയിലെ കുട്ടികളോടൊപ്പം ചെലവഴിക്കുന്നതിന് അവസരം ഉണ്ടാക്കണമെന്നും സൂചന (1) പ്രകാരം CDC ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ഓട്ടിസം, സംസാര-ഭാഷാ വികസന പ്രശ്നങ്ങൾ മുതലായവ പോലുള്ള വികസനവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ നേരത്തെ കണ്ടെത്തി പ്രസ്തുത കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം ചിലവഴിക്കാൻ അനുവദിക്കുകയാണെങ്കിൽ ഇവർക്ക് മറ്റ് കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ കാണുന്നതിനും അവ അനുകരിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും സാധിക്കുമെന്നതിനാൽ സിഡിസിയിൽ നിന്നുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വികസനവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിലേയ്ക്കുമായി സൂചന (2) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വികസന വെല്ലുവിളി നേരിടുന്ന കുട്ടികളെ അങ്കണവാടി പ്രവേശിപ്പിക്കുന്നതിനുള്ള സർക്കാർ അനുമതി സൂചന (3) പ്രകാരം ലഭ്യമായിട്ടുണ്ട്.

വികസന വെല്ലുവിളി നേരിടുന്ന കുട്ടികളെ അങ്കണവാടിയിൽ പ്രവേശിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം മറ്റ് കുട്ടികളുമായി ഇടപഴകാനുള്ള സാഹചര്യം ഒരുക്കി അവരുടെ സംസാരഭാഷാവികാസവും സാമൂഹിക വികാസവും മെച്ചപ്പെടുത്തുക എന്നുള്ളതാണ്. ഇത്തരം കുട്ടികൾ ചികിൽസയുടെ ഭാഗമായി സിഡിസി, നിഷ്, ഡിഐസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും തെറാപ്പികൾ ലഭിക്കുന്നവർ ആയതിനാൽ തെറാപ്പിയോടൊപ്പം സാധാരണ ലഭിക്കുന്ന സേവനങ്ങൾ കൂടി കുട്ടികൾക്ക് നൽകുന്നത് മൂലം കുട്ടികളുടെ സാമൂഹിക, ബൗദ്ധിക, മാനസിക വികാസത്തിലും ഭാഷാവികാസത്തിലും കൂടുതൽ മെച്ചപ്പെട്ട പ്രകടനം ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരം കുട്ടികളെ രണ്ടോ മൂന്നോ മണിക്കൂർ അങ്കണവാടിയിൽ ഇരുത്താവുന്നതും

ആവശ്യമെങ്കിൽ കുട്ടികളുടെ സംരക്ഷകരാരെങ്കിലും (അമ്മ.അമ്മൂമ്മ തുടങ്ങിയവർ) അവിടെ നിൽക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

Early Detection of Disability യുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ മുഖേന ട്രെയിനിംഗ് ലഭ്യമായ സിഡിപിഒ. സൂപ്പർവൈസർമാർ എന്നിവർ കുഞ്ഞുങ്ങളിലെ വികസനവെല്ലുവിളികൾ സംബന്ധിച്ച അടിസ്ഥാന അറിവുകൾ അങ്കണവാടി വർക്കർമാർക്ക് നൽകേണ്ടതാണ് .

മേൽ സാഹചര്യത്തിൽ സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികസന വെല്ലുവിളികൾ നേരിടുന്ന രണ്ട് വയസ്സിനും മൂന്ന് വയസ്സിനും ഇടയിലുള്ള കുഞ്ഞുങ്ങളെ ചികിൽസയുടെ ഭാഗമായി മറ്റ് കുട്ടികളോടൊപ്പം ഉൾപ്പെടുത്തി മാനസിക വികാസത്തിന് അവസരം കൊടുക്കുന്നതിനായി അങ്കണവാടിയിൽ പ്രവേശനം അനുവദിക്കുന്നതിനും. ആവശ്യമുള്ള പക്ഷം അങ്കണവാടി പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ കുട്ടിയുടെ സംരക്ഷകരാരെങ്കിലും (അമ്മ.അമ്മൂമ്മ തുടങ്ങിയവർ) കൂടി ഈ സമയങ്ങളിൽ അങ്കണവാടിയിൽ നിൽക്കാനുള്ള അനുമതിയും കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകികൊള്ളുന്നു.

for വനിത ശിശു വികസന ഡയറക്ടർ

**ഉള്ളടക്കം**-സൂചന(3)

**പകർപ്പ്**-

എല്ലാജില്ലാവനിതശിശുവികസന ഓഫീസർമാർക്കും

എല്ലാപ്രോഗ്രാം ഓഫീസർമാർക്കും

എല്ലാശിശുവികസന പദ്ധതിഓഫീസർമാർക്കും

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ അങ്കണവാടി പ്രവേശനം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.405/2024/WCDD തീയതി.തിരുവനന്തപുരം, 17-10-2024

---

പരാമർശം:- 1. വനിത ശിശു വികസന ഡയറക്ടറുടെ 12/01/2023 ലെ ICDS A5/2603/2022 നമ്പർ കത്ത്.

2. വനിത ശിശു വികസന ഡയറക്ടറുടെ 29/08/2024 ലെ DWCD/2603/2022-ICDSA5 നമ്പർ കത്ത്.

**ഉത്തരവ്**

രണ്ടു വയസ്സിനും മൂന്നു വയസ്സിനും ഇടയിലുള്ള വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ചികിത്സയോടൊപ്പം അങ്കണവാടികളിൽ വിടുന്നത് അവരുടെ സാമൂഹിക മാനസിക വികസനം സാധ്യമാകാൻ വളരെ പ്രയോജനകരമാകുമെന്നും. ആയതിനാൽ ഇത്തരം കുട്ടികളെ അങ്കണവാടിയിലെ കുട്ടികളോടൊപ്പം ചെലവഴിക്കാൻ അവസരം ഉണ്ടാകണമെന്നും ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതായും ഓട്ടിസം, സംസാര-ഭാഷാ വികസന പ്രശ്നങ്ങൾ മുതലായവ പോലുള്ള വികസനവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ നേരത്തെ കണ്ടെത്തി വേണ്ട ഇടപെടലുകൾ നടത്തുന്നത് അവരുടെ വികസനത്തിന് അത്യന്താപേക്ഷിതമാണെന്നും വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം സമയം ചിലവഴിക്കാൻ അനുവദിക്കുകയാണെങ്കിൽ ഇവർക്ക് മറ്റ് കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ കാണുന്നതിനും അവ അനുകരിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും സാധിക്കുമെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

ഒരു അങ്കണവാടിയിൽ വികസന വെല്ലുവിളികൾ നേരിടുന്ന ഒന്നോ രണ്ടോ കുട്ടികളിൽ കൂടുതൽ എത്തിച്ചേരാനുള്ള സാധ്യത വളരെ കുറവാണ്. അത് കൊണ്ട് തന്നെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ആവശ്യകത ഇതിനായി നടത്തേണ്ടതില്ലെന്നും ഇവരെ അങ്കണവാടിയിൽ പ്രവേശിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം മറ്റു കുട്ടികളുമായി ഇടപഴകാനുള്ള സാഹചര്യം ഒരുക്കി അവരുടെ സംസാരഭാഷാ വികാസവും സാമൂഹിക വികാസവും മെച്ചപ്പെടുത്തുക എന്നുള്ളതാണെന്നും ഡയറക്ടർ അറിച്ചിട്ടുണ്ട്. ഈ കുട്ടികൾ സിഡിസി, ഡി ഇ ഐ സി, നിഷ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ചികിൽസ ലഭിക്കുന്ന കുട്ടികളായതിനാൽ തന്നെ അവർക്ക് വേണ്ട തെറാപ്പികൾ ഈ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതാണെന്നും തെറാപ്പിയോടൊപ്പം അങ്കണവാടികളിൽ നിന്നും സാധാരണ ലഭ്യമാകുന്ന സേവനങ്ങൾ കൂടി കുട്ടികൾക്ക് നൽകുന്നത് മൂലം കുട്ടികളുടെ സാമൂഹിക ബൗദ്ധിക മാനസിക വികാസത്തിലും ഭാഷാ വികസനത്തിലും കൂടുതൽ മെച്ചപ്പെട്ട പ്രകടനം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും Early Intervention ന്റെ ഭാഗമായി

സിഡിസിയിൽ നിന്നും തന്നെ രണ്ടു വയസ്സിനും മൂന്ന് വയസ്സിനും ഇടയ്ക്കുള്ള കുട്ടികളെ അങ്കണവാടികളിൽ കൊണ്ട് പോകാൻ നിർദേശിക്കാറുണ്ടെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു. രണ്ടോ മൂന്നോ മണിക്കൂർ ഇരുത്തിയാലും മതിയെന്നും ആവശ്യമെങ്കിൽ കുട്ടികളുടെ സംരക്ഷകരാരെങ്കിലും (അമ്മ, അമ്മൂമ്മ തുടങ്ങിയവർ) അവിടെ നിൽക്കാൻ ആവശ്യപ്പെടാവുന്നതുമാണ്. അങ്കണവാടിയിൽ കൂടി ഒരു തെറാപ്പിയും നൽകണമെന്ന് ഉദ്ദേശിക്കുന്നില്ലെന്നും അത് കൊണ്ട് തന്നെ മാനവശേഷി വികസനത്തിന്റെ ആവശ്യം ഉണ്ടാകുന്നില്ലെന്നും CDC അറിയിച്ചിട്ടുണ്ട്. മാത്രമല്ല സിഡിപിഒ മാർക്കും സൂപ്പർവൈസർമാർക്കും Early Detection of Disability പരിശീലന പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. അങ്കണവാടി ജീവനക്കാർക്കുള്ള Early Detection of Disability പരിശീലന പരിപാടികൾ നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനും കൂടാതെ intervention ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുവെന്നും ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുള്ള കുട്ടികൾ കൂടുതലായി അങ്കണവാടികളിൽ എത്തിച്ചേരുന്ന ഒരു സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആരോഗ്യ/ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായം ഈ വിഷയത്തിൽ തേടാവുന്നതാണെന്നും ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികസനവെല്ലുവിളികൾ നേരിടുന്ന രണ്ടു വയസ്സിനും മൂന്നു വയസ്സിനും ഇടയിലുള്ള കുഞ്ഞുങ്ങളെ ചികിത്സയുടെ ഭാഗമായി മറ്റു കുട്ടികളോടൊപ്പം ഉൾപ്പെടുത്തി മാനസിക വികാസത്തിന് അവസരം കൊടുക്കുന്നതിനായി അങ്കണവാടിയിൽ പ്രവേശനം അനുവദിക്കുന്നതിനും, ആവശ്യമുള്ള പക്ഷം അങ്കണവാടി പ്രവർത്തനത്തിനു തടസ്സം വരാത്ത രീതിയിൽ കുട്ടിയുടെ സംരക്ഷകരാരെങ്കിലും (അമ്മ, അമ്മൂമ്മ തുടങ്ങിയവർ) കൂടി ഈ സമയങ്ങളിൽ അങ്കണവാടിയിൽ പ്രവേശിക്കുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 18-10-2024 12:41:33
സെക്ഷൻ ഓഫീസർ